കോഴിക്കോട് സർവ്വകലാശാലയ്ക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലം

18(*106) ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-കളിൽ കോഴിക്കോട് സർവ്വകലാശാലക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തു നിന്ന് എഴുപത് ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ തുടക്കം കുറിച്ചത് ആരാണെന്നും അതിനെത്തുടർന്ന് സ്വീകരിക്കപ്പെട്ട മറ്റു നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് ഇക്കാര്യം എപ്പോഴെങ്കിലും ചർച്ച ചെയ്തിരുന്നോ; തീരുമാനങ്ങളെന്തായിരുന്നു;

(ഡി) പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് നല്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ;

(ഇ) എങ്കിൽ അത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) സിൻഡിക്കേറ്റ് തീരുമാനപ്രകാരം 28.58 ഹെക്ടർ (70 Acre nearly) കിൻഫ്രയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) കിൻഫ്ര ഇൻഡസ്ട്രീയൽ പാർക്ക് അതോറിറ്റിയുടെ അപേക്ഷ പ്രകാരമാണ് സ്ഥലം നൽകാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്. അന്നത്തെ വിദ്യാഭ്യാസമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എന്നിവർ നടത്തിയ ചർച്ചയെത്തുടർന്ന് സിൻഡിക്കേറ്റ് ചർച്ച ചെയ്യുകയും സ്ഥലം നൽകാൻ ഉത്തരവായതായും കാണുന്നു, ചർച്ച നടന്ന തീയതി 27-11-1992.

(സി) സർവ്വകലാശാല സിൻഡിക്കേറ്റ്, സ്ഥലം കൊടുക്കുവാനുള്ള അപേക്ഷ പരിഗണിക്കുകയും അതേ തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം സ്ഥലം കൊടുക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്നത്തെ വിദ്യാഭ്യാസമന്ത്രിയും യൂണിവേഴ്സിറ്റി വൈസ് ചാൻസലറും, വ്യവസായ വകുപ്പ് മന്ത്രിയും കൂടി നടത്തിയ ചർച്ചയെടുത്തുടർന്നാണ് സ്ഥലം കൊടുക്കുന്നതിനുള്ള തുടർനടപടി എടുത്തിട്ടുള്ളത്.

(ഇ) അന്നത്തെ വിദ്യാഭ്യാസ മന്ത്രിയും യൂണിവേഴ്സിറ്റി വൈസ് ചാൻസിലറും, വ്യവസായ വകുപ്പ് മന്ത്രിയും ചേർന്ന് 27-11-1992-ൽ നടത്തിയ ചർച്ചയിൽ പ്രസ്തുത സ്ഥലകൈമാറ്റ പദ്ധതി തത്വത്തിൽ അംഗീകരിച്ചതായി കാണുന്നു.

അദ്ധ്യാപക പാക്കേജ്

19(*107) ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യായന വർഷം മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി എന്തെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിന് നടപ്പ് അദ്ധ്യയന വർഷം മുതൽ 1:45 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പാലിക്കണമെന്ന വ്യവസ്ഥ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ റദ്ദാക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കുമോ;

(സി) അദ്ധ്യാപകരുടെ പ്രവർത്തന മികവ് വിലയിരുത്താൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായുള്ള സമിതി എന്നുള്ള വ്യവസ്ഥ കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ പകരം ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി(സി) നമ്പർ 19008/13 തുടങ്ങിയ വിവിധ അന്യായങ്ങളിൽ പുറപ്പെടുവിച്ച 17-12-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ നിയമനാംഗീകാരം, തസ്തിക നിർണ്ണയം സംരക്ഷണാനുകൂല്യം തുടങ്ങിയവ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/16/പൊവിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly